# യുവാവിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- പൂന്തുറയിൽ യുവാവിനെ പൊട്ടിച്ച കുപ്പി കൊണ്ട് കുത്തിക്കൊലപ്പെത്താൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടി. ബീമാപള്ളി ഷീബാ മൻസിലിൽ മുഹമ്മദ് സിറാജ് (26) നെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.


പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത സിറാജ് (26)

ചെവ്വാഴ്ച വൈകിട്ട് 4 മണിക്കാണ് സംഭവം നടന്നത്. മുട്ടത്തറ സ്വദേശി ഹനീഫിനെ ബീമാ പള്ളിക്ക് മുൻവശം റോഡിൽ വച്ച് പ്രതി തടഞ്ഞു നിർത്തി മർദ്ദിക്കുകയും റോഡിൽ തള്ളിയിടുകയും കുപ്പി പൊട്ടിച്ച് വയറിൽ കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. മുൻ വൈരാഗ്യമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്. പൂന്തുറ സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ട പ്രതിക്കെതിരെ പൂന്തുറ, വലിയതുറ, തുമ്പ, ചാത്തന്നൂർ, ചടയമംഗലം, ആലുവ ഈസ്റ്റ് എന്നി പോലീസ് സ്റ്റേഷനുകളിൽ മോഷണം, വധശ്രമം, കഞ്ചാവ് വിൽപ്പന തുടങ്ങിയ നിരവധി കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.